**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6420** **10-11-2021 - ൽ മറുപടിയ്ക്ക്**

**കടപ്ലാമറ്റം ടെക്നിക്കൽ സ്കൂളിന്റെ ഭൂമി ഏറ്റെടുക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | **Shri. K. Rajan**<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കടപ്ലാമറ്റം ടെക്നിക്കൽ സ്കൂളിന്റെ ഭൂമി ഏറ്റെടുക്കൽ ഏതു ഘട്ടത്തിലാണെന്ന് വിശദീകരിക്കാമോ; | (എ) | കടപ്ലാമറ്റം ടെക്നിക്കൽ സ്കൂൾ നിർമ്മാണത്തിനായി മീനച്ചിൽ താലൂക്കിലെ കടപ്ലാമറ്റം വില്ലേജിലെ 2 ഏക്കർ 55 സെന്റ് സ്ഥലം LARR Act, 2013 പ്രകാരം ഏറ്റെടുക്കുന്നതിന് (09.07.2019-ലെ സ.ഉ.(സാധാ)നം 1847/2019/റവ) അനുമതി പുറപ്പെടുവിച്ചിട്ടുള്ളതാണ്. പ്രസ്തുത പദ്ധതിയുടെ സാമൂഹിക ആഘാത പഠനം (4(1) വിജ്ഞാപനം) പൂർത്തിയായിട്ടുള്ളതും, പഠന റിപ്പോർട്ട് വിലയിരുത്തുന്നതിനായി വിദഗ്ധ സമിതിയെ നിയമിക്കുകയും, സമിതിയുടെ ശുപാർശയിന്മേൽ അർത്ഥനാധികാരിയുടെ അഭിപ്രായം ലഭ്യമാക്കി 30/07/2021 തിയതിയിൽ LARR Act, 2013-ലെ സബ് സെക്ഷൻ (2) സെക്ഷൻ 8 പ്രകാരം സ്ഥലമേറ്റെടുക്കൽ നടപടികൾ മുന്നോട്ട് പോകുന്നതിന് ഉത്തരവായിട്ടുള്ളതാണ്. കടപ്ലാമറ്റം ടെക്നിക്കൽ സ്കൂൾ നിർമ്മാണത്തിനായിട്ടുള്ള ഭൂമി ഏറ്റെടുക്കൽ പദ്ധതിയുമായി ബന്ധപ്പെട്ട് വകുപ്പ് 11(1) പ്രകാരമുള്ള പ്രാഥമിക വിജ്ഞാപനം 22/09/2021 തീയതിയിൽ ഗസറ്റിൽ പരസ്യപ്പെടുത്തിയിട്ടുള്ളതും ആയത് തുടർ നടപടികൾക്കായി പൊന്നും വില ഓഫീസർക്ക് നൽകിയിട്ടുള്ളതുമാണ്. പ്രസ്തുത ഭൂമി ഏറ്റെടുക്കൽ നടപടികളുടെ കളക്ടറേറ്റിലെ ഫയൽ നമ്പർ G1-10036/13 ഉം സെക്രട്ടേറിയറ്റിലെ ഫയൽ നമ്പർ റവ - ബി2/162/2019-റവ (കമ്പ്യൂട്ടർ നമ്പർ 1168287) എന്നുമാണ്. |
| (ബി) | ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; ആയത് സംബന്ധിച്ച് കോട്ടയം കളക്ടേറ്റിലെയും സെക്രട്ടേറിയറ്റിലെയും ഫയൽ നമ്പരും ആയതിന്റെ കമ്പ്യൂട്ടർ നമ്പരും ലഭ്യമാക്കാമോ; | (ബി) | കടപ്ലാമറ്റം ടെക്നിക്കൽ സ്കൂൾ നിർമ്മാണത്തിനായി മീനച്ചിൽ താലൂക്കിലെ കടപ്ലാമറ്റം വില്ലേജിലെ 2 ഏക്കർ 55 സെന്റ് സ്ഥലം LARR Act, 2013 പ്രകാരം ഏറ്റെടുക്കുന്നതിന് (09.07.2019-ലെ സ.ഉ.(സാധാ)നം 1847/2019/റവ) അനുമതി പുറപ്പെടുവിച്ചിട്ടുള്ളതാണ്. പ്രസ്തുത പദ്ധതിയുടെ സാമൂഹിക ആഘാത പഠനം (4(1) വിജ്ഞാപനം) |

| | | | |
|---|---|---|---|
| | | | പൂർത്തിയായിട്ടുള്ളതും, പഠന റിപ്പോർട്ട് വിലയിരുത്തുന്നതിനായി വിദഗ്ധ സമിതിയെ നിയമിക്കുകയും, സമിതിയുടെ ശുപാർശയിന്മേൽ അർത്ഥനാധികാരിയുടെ അഭിപ്രായം ലഭ്യമാക്കി 30/07/2021 തിയതിയിൽ LARR Act, 2013-ലെ സബ് സെക്ഷൻ (2) സെക്ഷൻ 8 പ്രകാരം സ്ഥലമേറ്റെടുക്കൽ നടപടികൾ മുന്നോട്ട് പോകുന്നതിന് ഉത്തരവായിട്ടുള്ളതാണ്. കടപ്ലാമറ്റം ടെക്നിക്കൽ സ്കൂൾ നിർമ്മാണത്തിനായിട്ടുള്ള ഭൂമി ഏറ്റെടുക്കൽ പദ്ധതിയുമായി ബന്ധപ്പെട്ട് വകുപ്പ് 11(1) പ്രകാരമുള്ള പ്രാഥമിക വിജ്ഞാപനം 22/09/2021 തീയതിയിൽ ഗസറ്റിൽ പരസ്യപ്പെടുത്തിയിട്ടുള്ളതും ആയത് തുടർ നടപടികൾക്കായി പൊന്നും വില ഓഫീസർക്ക് നൽകിയിട്ടുള്ളതുമാണ്. പ്രസ്തുത ഭൂമി ഏറ്റെടുക്കൽ നടപടികളുടെ കളക്ടറേറ്റിലെ ഫയൽ നമ്പർ G1-10036/13 ഉം സെക്രട്ടേറിയറ്റിലെ ഫയൽ നമ്പർ റവ - ബി2/ 162/2019-റവ (കമ്പ്യൂട്ടർ നമ്പർ 1168287) എന്നുമാണ്. |
| (സി) | ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് ഗുണഭോക്താക്കൾക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ എന്ന് വിശദീകരിക്കാമോ; ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന പ്രസ്തുത ഭൂമി വിദ്യാഭ്യാസ വകുപ്പിന് കൈമാറുന്നത് എന്നാണെന്ന് വിശദമാക്കാമോ? | (സി) | ഗുണഭോക്താക്കൾക്ക് നഷ്ടപരിഹാരം വിതരണം ചെയ്തിട്ടില്ല. പ്രസ്തുത ഭൂമി ഏറ്റെടുക്കൽ നടപടികളുടെ LARR Act പ്രകാരമുള്ള മറ്റ് നിയമാനുസൃത നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് അടിയന്തിര പ്രാധാന്യത്തോടെ സ്ഥലം കൈമാറുന്ന നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ